"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ്- ഹൈക്കോടതി ജീവനക്കാര്യം- ഫയലിംഗ് സ്കൂട്ടിനി ഓഫീസറുടെ രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും നിർത്തലാക്കി, പകരം ഹൈക്കോടതി സർവീസിൽ **'രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ)'** എന്ന ഒരു പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.77/2025/HOME തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:- ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 22.07.2024 തീയതിയിലെ HCKL / 1137 / 2024- A7 - HC KERALA നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, വിദേശ കോൺസുലേറ്റുകൾ, വിമാനത്താവളങ്ങൾ, വിമാനക്കമ്പനികൾ, എന്നിവിടങ്ങളിലെയും മറ്റ് പ്രധാന സ്ഥാപനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥരുമായുള്ള ആശയവിനിമയങ്ങൾ ഏകോപിപ്പിക്കുന്നതിൽ നിലവിൽ കേരള ഹൈക്കോടതിയുടെ പ്രോട്ടോക്കോൾ വിഭാഗം വെല്ലുവിളികൾ നേരിടുന്നുവെന്ന് കേരള ഹൈക്കോടതിയുടെ അന്നത്തെ ബഹു. ആക്ടിംഗ് ചീഫ് ജസ്റ്റിസ് നിരീക്ഷിക്കുകയും പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും പര്യാപ്തമായ ഒരു പ്രോട്ടോക്കോൾ വിഭാഗത്തിന്റെ ആവശ്യകത ഉണ്ടെന്നു വിലയിരുത്തുകയും, മറ്റ് പല ഹൈക്കോടതികളിലും ചെയ്യുന്നതുപോലെ, കേരള ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ വിഭാഗത്തെ നയിക്കാൻ രജിസ്ട്രാർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടത് അനിവാര്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

2) ബഹു. ആക്ടിംഗ് ചീഫ് ജസ്റ്റിസിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ, ഫയലിംഗ് സ്കൂട്ടിനി ഓഫീസർമാരുടെ (ശമ്പള സ്കെയിൽ ₹ 59,300 - ₹ 1,20,900) രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും (ശമ്പള സ്കെയിൽ ₹ 25,100-57,900) നിർത്തലാക്കി പകരം സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഇല്ലാതെ തന്നെ, 1,23,700 - 1,66,800 രൂപ ശമ്പള സ്കെയിലിൽ ഒരു പുതിയ രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ) തസ്തിക

സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരാമർശ കത്ത് പ്രകാരം ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിക്കുകയുണ്ടായി .

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഹൈക്കോടതിയിൽ ഫയലിംഗ് സ്ക്രൂട്ടിനി ഓഫീസറുടെ രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും നിർത്തലാക്കി പകരം 1,23,700 - 1,66,800 രൂപ ശമ്പള സ്കെയിലിൽ ഒരു പുതിയ **'രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ)'** തസ്തിക സൃഷ്ടിച്ചുകൊണ്ട് ഉത്തരവാകുന്നു.

4) ഹൈക്കോടതി രജിസ്ട്രാർ ജനറൽ പ്രസ്തുത തസ്തികയുടെ യോഗ്യത, നിയമനരീതി എന്നിവ വ്യക്തമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

രജിസ്ട്രാർ ജനറൽ,ഹൈക്കോടതി,എറണാകുളം(ആമുഖ കത്ത് സഹിതം)

അക്കാണ്ടന്റ് ജനറൽ( എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 2930839/EXP-D2/222/2024-FIN തീയതി 22.02.2025 പ്രകാരം )

പൊതുഭരണ എസ്.സി) വകുപ്പ് (മന്ത്രിസഭാ യോഗതീരുമാനം **ഇനം 2832** തിയതി. 09.04.2025 പ്രകാരം]

വെബ്ബ് & ന്യൂ മീഡിയ, ഐ &പി. ആർ.ഡി ( സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്]

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreekumar. S
Date: 11-04-2025 14:29:11

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 09-04-2025**

ഫയൽ നം. സി2/272/2024/ആഭ്യന്തരം. ഇനം നം: 2832

വിഷയം : ആഭ്യന്തര വകുപ്പ് - ഫയലിംഗ് സ്ക്രൂട്ടിനി ഓഫീസറുടെ രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും നിർത്തലാക്കിക്കൊണ്ട്, ഹൈക്കോടതി സർവ്വീസിൽ ഒരു പുതിയ രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ) തസ്തിക സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

2832

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/272/2024/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ഫയലിംഗ് സ്കൂട്ടിനി ഓഫീസറുടെ രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും നിർത്തലാക്കിക്കൊണ്ട്, ഹൈക്കോടതി സർവീസിൽ ഒരു പുതിയ രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ) തസ്തിക സൃഷ്ടിക്കുന്നത്-സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.03.2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതേ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ.ജി. ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.03.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 03.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഫയലിംഗ് സ്ക്രൂട്ടിനി ഓഫീസറുടെ രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും നിർത്തലാക്കിക്കൊണ്ട്, ഹൈക്കോടതി സർവീസിൽ ₹ 1,23,700 - ₹ 1,66,800 ശമ്പള സ്കെയിലിൽ **രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ)** എന്ന ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ ശിപാർശയുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ് .

2) സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, വിദേശ കോൺസുലേറ്റുകൾ, വിമാനത്താവളങ്ങൾ, വിമാനക്കമ്പനികൾ, മറ്റ് പ്രധാന സ്ഥാപനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥരുമായുള്ള ആശയവിനിമയങ്ങൾ ഏകോപിപ്പിക്കുന്നതിൽ നിലവിൽ കേരള ഹൈക്കോടതിയുടെ പ്രോട്ടോക്കോൾ വിഭാഗം വെല്ലുവിളികൾ നേരിടുന്നു എന്നും, ഇത് നിരീക്ഷിച്ച കേരള ഹൈക്കോടതിയുടെ അന്നത്തെ ബഹുമാനപ്പെട്ട ആക്ടിംഗ് ചീഫ് ജസ്റ്റിസ്, പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും പര്യാപ്തമായ ഒരു പ്രോട്ടോക്കോൾ വിഭാഗത്തിന്റെ ആവശ്യകത ഉണ്ടെന്നു വിലയിരുത്തുകയും , മറ്റ് പല ഹൈക്കോടതികളിലും ചെയ്യുന്നതുപോലെ, കേരള ഹൈക്കോടതിയുടെ പ്രോട്ടോക്കോൾ വിഭാഗത്തെ നയിക്കാൻ രജിസ്ട്രാർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടത് അത്യാവശ്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

3. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, അന്നത്തെ ബഹുമാനപ്പെട്ട ആക്ടിംഗ് ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശപ്രകാരം,. ഫയലിംഗ് സ്ക്രൂട്ടിനി ഓഫീസർമാരുടെ (ശമ്പള സ്കെയിൽ ₹ 59,300 - ₹ 1,20,900) രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും (ശമ്പള സ്കെയിൽ ₹ 25,100-57,900) നിർത്തലാക്കിക്കൊണ്ട്, സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഇല്ലാതെ തന്നെ, ₹ 1,23,700 - ₹ 1,66,800 ശമ്പള സ്കെയിലിൽ ഒരു പുതിയ രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ) തസ്തിക

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഫയലിംഗ് സ്ക്രൂട്ടിനി ഓഫീസറുടെ രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും നിർത്തലാക്കിക്കൊണ്ട്, ഹൈക്കോടതി സർവീസിൽ ₹ 1,23,700 - ₹ 1,66,800 ശമ്പള സ്കെയിലിൽ **രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ)** എന്ന ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ ശിപാർശയുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ് .

2) സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ, വിദേശ കോൺസുലേറ്റുകൾ, വിമാനത്താവളങ്ങൾ, വിമാനക്കമ്പനികൾ, മറ്റ് പ്രധാന സ്ഥാപനങ്ങളിലെയും ഉന്നത ഉദ്യോഗസ്ഥരുമായുള്ള ആശയവിനിമയങ്ങൾ ഏകോപിപ്പിക്കുന്നതിൽ നിലവിൽ കേരള ഹൈക്കോടതിയുടെ പ്രോട്ടോക്കോൾ വിഭാഗം വെല്ലുവിളികൾ നേരിടുന്നു എന്നും, ഇത് നിരീക്ഷിച്ച കേരള ഹൈക്കോടതിയുടെ അന്നത്തെ ബഹുമാനപ്പെട്ട ആക്റ്റിംഗ് ചീഫ് ജസ്റ്റിസ്, പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനും പര്യാപ്തമായ ഒരു പ്രോട്ടോക്കോൾ വിഭാഗത്തിന്റെ ആവശ്യകത ഉണ്ടെന്നു വിലയിരുത്തുകയും , മറ്റ് പല ഹൈക്കോടതികളിലും ചെയ്യുന്നതുപോലെ, കേരള ഹൈക്കോടതിയുടെ പ്രോട്ടോക്കോൾ വിഭാഗത്തെ നയിക്കാൻ രജിസ്ട്രാർ റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിക്കേണ്ടത് അത്യാവശ്യമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

3. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, അന്നത്തെ ബഹുമാനപ്പെട്ട ആക്റ്റിംഗ് ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശപ്രകാരം,, ഫയലിംഗ് സ്ക്രൂട്ടിനി ഓഫീസർമാരുടെ (ശമ്പള സ്കെയിൽ ₹ 59,300 - ₹ 1,20,900) രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും (ശമ്പള സ്കെയിൽ ₹ 25,100-57,900) നിർത്തലാക്കിക്കൊണ്ട്, സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഇല്ലാതെ തന്നെ, ₹ 1,23,700 - ₹ 1,66,800 ശമ്പള സ്കെയിലിൽ ഒരു പുതിയ രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ) തസ്തിക

സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിക്കുകയുണ്ടായി .

4) ഫയൽ ധനകാര്യ വകുപ്പിന് അയച്ചപ്പോൾ, ടി വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*Finance agrees to create a post of Registrar (Protocol & Security Control) in the scale of pay of Rs. 1,23,700 - Rs.1,66,800 by abolishing two posts of Filing Scrutiny Officers (Rs.59,300 - Rs.1,20,900) and a post of Lift Operator (Rs.25,100 – 57,900).*

5) ഫയൽ ചംക്രമണം ചെയ്തപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട സംഗതി

ഫയലിംഗ് സ്കൂട്ടിനി ഓഫീസറുടെ രണ്ട് തസ്തികകളും ഒരു ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയും നിർത്തലാക്കിക്കൊണ്ട്, ₹ 1,23,700 - ₹ 1,66,800 ശമ്പള സ്കെയിലിൽ ഒരു പുതിയ **രജിസ്ട്രാർ (പ്രോട്ടോക്കോൾ & സെക്യൂരിറ്റി കൺട്രോൾ)** തസ്തിക, പ്രസ്തുത തസ്തികയുടെ യോഗ്യത, നിയമനരീതി എന്നിവ വ്യക്തമാക്കേണ്ടതാണെന്ന ഭേദഗതിയോടെ ഹൈക്കോടതി സർവ്വീസിൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?